## പതിമൂന്നാം കേരള നിയമസഭ

## ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 636 06.02.2013 ലെ മറുപടിയ്ക്ക്

## ഭാഗ്യക്കുറി ഏജന്റുമാർ

**ചോദ്യം** **ഉത്തരം**

**ശ്രീമതി. കെ.എസ്. സലീഖ**

**ശ്രീ. കെ.എം. മാണി**
**(ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി)**

| | | |
|---|---|---|
| (എ) | ഭാഗ്യക്കുറി വകുപ്പിന് 2012-13 സാമ്പത്തിക വർഷം ജനുവരി 15 വരെ എത്ര തുക വിറ്റുവരവ് ഇനത്തിൽ ലഭ്യമായി; സാമ്പത്തിക വർഷം അവസാനിക്കുമ്പോൾ തുക എത്ര വർദ്ധിക്കുമെന്നാണ് കണക്കാക്കുന്നത് ; | ഭാഗ്യക്കുറി വകുപ്പിന് 2012-13 സാമ്പത്തിക വർഷം ജനുവരി 15 വരെ 2112.59 കോടി രൂപ വരുമാനമുണ്ടായിട്ടുണ്ട് . സാമ്പത്തിക വർഷം അവസാനിക്കുമ്പോൾ 2700 കോടിയിലധികം രൂപ വരുമാനം ഉണ്ടാകുമെന്ന് പ്രതീക്ഷിക്കുന്നു. |
| (ബി) | കഴിഞ്ഞ സാമ്പത്തിക വർഷം ലോട്ടറി വിൽപ്പനയിലൂടെ എത്ര കോടി രൂപ ലഭിച്ചു; വ്യക്തമാക്കുമോ ; | കഴിഞ്ഞ സാമ്പത്തിക വർഷം ലോട്ടറി വിൽപ്പനയിലൂടെ 1287.08 കോടി രൂപ ലഭിച്ചിട്ടുണ്ട്. |
| (സി) | നടപ്പുസാമ്പത്തിക വർഷം ഭാഗ്യക്കുറിയിൽ നിന്നും ലാഭവും നികുതി വരുമാനവുമായി എത്ര കോടി ലഭിക്കുമെന്ന് പ്രതീക്ഷിക്കുന്നു; ജനുവരി 15 വരെ ഈയിനത്തിൽ എത്ര തുക നേടി; വിശദമാക്കുമോ; | ലാഭം സാമ്പത്തിക വർഷം അവസാനിച്ച ശേഷമേ കണക്കാക്കാറുള്ളു. ഇപ്പോഴത്തെ സ്ഥിതിയനുസരിച്ച് 650 കോടിയിലധികം ലാഭമുണ്ടാകുമെന്ന് പ്രതീക്ഷിക്കുന്നു.നടപ്പുസാമ്പത്തിക വർഷം നികുതിവരുമാനമായി 94.25 കോടി രൂപ പ്രതീക്ഷിക്കുന്നു . ജനുവരി 15 വരെയുള്ള നറുക്കെടുപ്പുകളിൽ (ബമ്പർ ഉൾപ്പെടെ) നിന്നായി 75 കോടി രൂപയാണ് സർക്കാരിന് നികുതിയിനത്തിൽ ലഭിക്കുന്നത്. |
| (ഡി) | കഴിഞ്ഞ സാമ്പത്തിക വർഷം ഭാഗ്യക്കുറിയിൽ നിന്നുള്ള ലാഭവും നികുതി വരുമാനവും എത്രയെന്ന് വ്യക്തമാക്കുമോ ; | 2011-12 സാമ്പത്തിക വർഷം ഭാഗ്യക്കുറി നറുക്കെടുപ്പിൽ നിന്നുള്ള നികുതി വരുമാനം 54.25 കോടി രൂപയാണ്. ലാഭം 394.87 കോടി രൂപയാണ്. |
| (ഇ) | നിലവിൽ എത്ര കുടുംബങ്ങൾ ഭാഗ്യക്കുറി വകുപ്പിനെ ആശ്രയിച്ചു കഴിയുന്നു; വ്യക്തമാക്കുമോ; | ഭാഗ്യക്കുറി വകുപ്പിൽ ഇപ്പോൾ 22581 രജിസ്റ്റേർഡ് ഏജന്റുമാരും, ഭാഗ്യക്കുറി ക്ഷേമനിധി ബോർഡിൽ രജിസ്റ്റർ ചെയ്തിട്ടുള്ള 25095 പേരും ഈ മേഖലയിൽ പ്രവർത്തിക്കുന്നുണ്ട്. ഇതു കൂടാതെ ഏകദേശം 2 ലക്ഷത്തോളം പേർ |

| | | |
|---|---|---|
| | | മേൽപ്പറഞ്ഞവരുടെ കീഴിൽ വിൽപ്പനക്കാരായി ഭാഗ്യക്കുറി വകുപ്പിനെ ആശ്രയിച്ചുകഴിയുന്നു. |
| (എഫ്) | നടപ്പുസാമ്പത്തിക വർഷം എത്ര പേർ ഭാഗ്യക്കുറിയിൽ ഏജന്റുമാരായി ജോലി ചെയ്യുന്നു; കഴിഞ്ഞ സാമ്പത്തിക വർഷം എത്ര പേരായിരുന്നു; വ്യക്തമാക്കുമോ; | നടപ്പു സാമ്പത്തിക വർഷം 3586 പേർ ഭാഗ്യക്കുറി ഏജൻസി രജിസ്റ്റർ ചെയ്യുകയും 10732 പേർ ഏജൻസി പുതുക്കുകയും ചെയ്തിട്ടുണ്ട്. കഴിഞ്ഞ സാമ്പത്തിക വർഷം (2011-12) 3423 പേർ ഏജൻസി രജിസ്റ്റർ ചെയ്യുകയും 9875 പേർ ഏജൻസി പുതുക്കുകയും ചെയ്തിട്ടുണ്ട്. |
| (ജി) | ഭാഗ്യക്കുറി ഏജന്റുമാരുടെയും വിൽപ്പനക്കാരുടെയും ക്ഷേമനിധി മുഖേന നടപ്പ് വർഷം ഇതുവരെ എന്ത് തുക ധനസഹായമായി നൽകി; എത്ര പേർക്ക് ഇതിന്റെ പ്രയോജനം ലഭിച്ചു ; | നടപ്പുസാമ്പത്തിക വർഷം 31.01.2013 വരെ ആകെ 19868 പേർക്ക് 5,62,61,480/- രൂപ അനുവദിച്ചിട്ടുണ്ട്. |
| (എച്ച്) | അന്യസംസ്ഥാനത്തിലെ ചില ഏജന്റുമാർ ലോട്ടറി ടിക്കറ്റുകൾ ഒരുമിച്ച് വാങ്ങുന്നതു കാരണം സംസ്ഥാനത്തിലെ ചില ഏജന്റുമാർക്ക് ലോട്ടറി ടിക്കറ്റുകൾ വിൽപ്പനയ്ക്ക് ലഭിക്കുന്നില്ലായെന്ന പരാതി ശ്രദ്ധയിൽപ്പെട്ടുവോ; വിശദമാക്കുമോ ; | സംസ്ഥാനഭാഗ്യക്കുറി ഏജന്റുമാർക്ക് മാത്രമാണ് വകുപ്പിന്റെ ഓഫീസുകളിൽ നിന്നും ടിക്കറ്റ് നൽകുന്നത്. ഇങ്ങനെയുള്ള ഏജന്റുമാരിൽ ചിലർ തമിഴ്നാട് പോലുള്ള സംസ്ഥാനങ്ങളിൽ നിന്നുള്ളവരും, കേരളത്തിൽ സ്ഥിരതാമസമാക്കിയവരും വർഷങ്ങളായി ടിക്കറ്റ് എടുക്കുന്നവരുമാണ്. |
| (ഐ) | ഭാഗ്യക്കുറി ടിക്കറ്റുകളുടെ അച്ചടി ഇപ്പോൾ എത്ര ലക്ഷമായി നിജപ്പെടുത്തിയിരിക്കുന്നു; ആയത് അടുത്ത സാമ്പത്തിക വർഷം മുതൽ വർദ്ധിപ്പിക്കുവാൻ ഉദ്ദേശിക്കുന്നുവോ വ്യക്തമാക്കുമോ ? | 50/- രൂപ മുഖവിലയുള്ള കാരുണ്യ, 40/- രൂപ മുഖവിലയുള്ള പ്രതീക്ഷ, ധനശ്രീ എന്നീ ഭാഗ്യക്കുറികളുടെ അച്ചടി 22.5 ലക്ഷം വീതവും, 20/- രൂപ മുഖവിലയുള്ള പൗർണ്ണമി, അക്ഷയ ഭാഗ്യനിധി, വിൻ-വിൻ എന്നീ ഭാഗ്യക്കുറികളുടെ അച്ചടി ഫെബ്രുവരി 6-ാം തീയതി മുതൽ നറുക്കെടുക്കുന്ന ഭാഗ്യക്കുറി മുതൽ 45 ലക്ഷമായി നിജപ്പെടുത്തിയിരിക്കുന്നു. അടുത്ത സാമ്പത്തിക വർഷം ടിക്കറ്റ് അച്ചടി വർദ്ധിപ്പിക്കാനുള്ള സാദ്ധ്യതകൾ പരിശോധിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ